LIBRARY ARCHIVES Kerala Legislative Assembly

അംഗത്വം നിഷേധിക്കുന്ന സഹകരണ ബാങ്കുകൾ

111 (456) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ സഹകരണ ബാങ്കുകളിൽ യോഗ്യതയുള്ളവർക്കുപോലും അംഗത്വം നിഷേധിക്കുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അംഗത്വം നിഷേധിക്കുന്ന സഹകരണ സംഘങ്ങൾ /ബാങ്കുകൾക്കെതിരെ എവിടെയാണ് പരാതി നൽകേണ്ടതെന്നും ഈ വിധം നൽകുന്ന പരാതിയിൽ പരിഹാരം ലഭിച്ചില്ലെങ്കിൽ എന്തുതുടർനടപടികളാണ് സ്വീകരിക്കേണ്ടതെന്നും വെളിപ്പെടുത്തുമോ ;

(സി) യോഗ്യതയുള്ളവർക്ക് അംഗത്വം നിഷേധിക്കുന്നതു പോലെയുള്ള നടപടികൾ സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ /ബാങ്കുകൾക്കെതിരെ വകുപ്പുതലത്തിൽ എന്തു നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒരു സംഘത്തിൽ അംഗത്വത്തിനുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 2 മാസത്തിനകം ആയതിൽ സംഘം തീരുമാനം കൈക്കൊണ്ടിരിക്കണം. അപ്രകാരം അപേക്ഷ തീർപ്പാക്കിയിട്ടില്ലെങ്കിൽ അപേക്ഷകൻ രജിസ്ട്രാർക്ക് പരാതി നൽകണം. ടി അപേക്ഷ ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം അംഗത്വം നൽകണമോ വേണ്ടയോ എന്ന് തീരുമാനിക്കണം. അപ്രകാരം തീരുമാനം കൈക്കൊണ്ടില്ലെങ്കിൽ, അപേക്ഷകൻ ഒരു നിവേദനം രജിസ്ട്രാർക്കോ (സംഘത്തിനെതിരെയുള്ള പരാതി സഹകരണ നിയമം വകുപ്പ് 3(2) പ്രകാരം രജിസ്ട്രാറുടെ അധികാരങ്ങൾ നൽകപ്പെട്ടയാൾക്കാണെങ്കിൽ) അല്ലെങ്കിൽ സർക്കാരിനോ (സംഘത്തിനെതിരെയുള്ള പരാതി രജിസ്ട്രാർക്കാണ് നൽകിയിട്ടുള്ളതെങ്കിൽ ഇപ്രകാരമുള്ള അപേക്ഷയിൽ രജിസ്ട്രാറോ അല്ലെങ്കിൽ സർക്കാരോ ടി നിവേദനം ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.)

ഒരു സംഘത്തിൽ അംഗമാകാൻ നൽകുന്ന അപേക്ഷ സംഘം നിരസിക്കുകയാണെങ്കിൽ അപ്രകാരം തീരുമാനം കൈക്കൊണ്ട തീയതി മുതൽ 15 ദിവസത്തിനകം അപേക്ഷ നിരസിക്കാനുണ്ടായ കാരണങ്ങൾ സഹിതം അപേക്ഷകനെ അറിയിച്ചിരിക്കണം.

(സി) മേൽ പരാമർശിച്ച പ്രകാരം ലഭിക്കുന്ന പരാതി പരിശോധിച്ചശേഷം അപേക്ഷകന് അംഗത്വം നൽകേണ്ടതാണെന്ന് കാണുന്ന പക്ഷം ആയതിനുള്ള നിർദ്ദേശം സംഘത്തിന് രജിസ്ട്രാർ നൽകുന്നതാണ്. രജിസ്ട്രാറുടെ നിയമാനുസൃത മുള്ള നിർദ്ദേശം സംഘം അവഗണിക്കുകയാണെങ്കിൽ രജിസ്ട്രാറിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് സംഘത്തിനെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

പരിയാരം മെഡിക്കൽ കോളേജ്

112 (457) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

പരിയാരം സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ

113 (458) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ കണക്കുപ്രകാരം സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു ; എത്ര സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു ; നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ ലാഭത്തിലാക്കുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സഹകരണ സംഘങ്ങൾവഴി വിതരണംചെയ്ത കാർഷികവായ്പ എത്രയെന്ന് വ്യക്തമാക്കുമോ ; ആകെ കാർഷിക വായ്പയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്ത കാർഷിക വായ്പകളുടെ കണക്ക്, വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) കാർഷികവായ്പ തീരെ നൽകാത്ത സംഘങ്ങൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ. ; ഇക്കാര്യത്തിൽ എന്തുനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly